"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന്റെ രണ്ടാം ഘട്ടം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1945/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/10/2021

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22/02/2019-ലെ ഡി6-96/2019 നമ്പർ നടപടി ക്രമം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14/10/2019, 03/07/2020 തീയതികളിലെ ഡിബി1/13968/2019/സി.ഇ/തസ്വഭവ. നം. കത്ത്.
3. 29/04/2021 -ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി1/13968/2019/സി.ഇ/എൽ.എ○.ഡി&ഇ.ഡബ്ല്യൂ നം. കത്ത്.

**ഉത്തരവ്**

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 145.09344 ലക്ഷം രൂപ(ഒരു കോടി നാൽപ്പത്തി അഞ്ചു ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റി നാൽപ്പത്തി നാല് രൂപ മാത്രം) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർ ശം 1 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. എന്നാൽ വിവിധ വിഭാഗങ്ങൾ, ഓപ്പറേഷൻ തിയേറ്റർ ജനറൽ/പേ വാർഡുകൾ തുടങ്ങിയവ ഉൾപ്പടെ കെട്ടിടത്തിന്റെ ബാക്കിയുള്ള ഭാഗം നിർമ്മിച്ച് പൂർത്തീകരണം നടത്താന് 6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബഡ്ജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും, നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര സാമൂഹ്യാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കെട്ടിടം പൂർത്തിയാക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 6 കോടി രൂപയുടെ ശുപാർശ അംഗീകരിയ്ക്കുകയും, പ്രസ്തുത പ്രവത്തിക്കുള്ള ചെലവ് "4515-00-800-92-Works included in Appendix II to the Budget Estimates-NP-V" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുകയും ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി, വെബ്&ന്യൂ മീഡിയ വിംഗ്

ധനകാര്യ വകുപ്പ്.(E No.1370822/DEV-3/181/19-FIN. Dated 22-02-2021).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ